# കേരള കാർഷിക സർവ്വകലാശാല


**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,**

**ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര**

**Email: cohagmet@kau.in & kauagmet@yahoo.co.in**


**കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ**

## എറണാകുളം ജില്ല

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എ.എസ് 39/2019(78),** വെള്ളിയാഴ്ച — **തീയ്യതി 27.09.2019**

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 28.09.2019 | 29.09.2019 | 30.09.2019 | 01.10.2019 | 02.10.2019 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 4 | 10 | 10 | 18 | 0.5 |
| ഉയർന്ന താപനില (°C) | 30 | 30 | 30 | 30 | 30 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 95 | 95 | 95 | 95 | 95 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 70 | 70 | 70 | 70 | 70 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 10 | 8 | 4 | 6 | 12 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 230 | 270 | 180 | 180 | 270 |
| മേഘവ്യാപ്തി (ഒക്ട) | 6 | 6 | 6 | 7 | 5 |
| ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും കെ.എ.യുവിന്റെയും പ്രവചനമനുസരിച്ച് ജില്ലയിൽ നേരിയ തോതിൽ മഴയ്ക്ക് സാധ്യത. | | | | | |

## കാർഷിക നിർദ്ദേശങ്ങൾ:

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| **പൊതു നിർദ്ദേശങ്ങൾ:** വിളകളിലെ രോഗകീടങ്ങൾ പടരാതെ നിയന്ത്രിക്കുന്നതിനായി മുൻകരുതലുകൾ എടുക്കുക. | | |
| നെല്ല് (വിരിപ്പ്) കൊയ്ത്തു പരുവം | ബാക്ടീരിയൽ ഇല കരിച്ചൽ | മഴക്കാലത്ത്, നെല്ലിൽ ബാക്ടീരിയ മൂലമുള്ള ഇലകരിച്ചിൽ പടരാതെ നിയന്ത്രിക്കാൻ 20 ഗ്രാം പച്ചചാണകം ഒരുലിറ്റർ വെള്ളത്തിൽ കലക്കി തെളിയെടുത്തതും, 20ഗ്രാം സ്യൂഡോമോണാസ് ഒരുലിറ്റർ വെള്ളത്തിൽ കലക്കിയതും ചേർത്ത് തളിക്കാവുന്നതാണ്. |
| വാഴ | പിണ്ടിപ്പുഴു | മഴക്കാലമായതിനാൽ, വാഴയിൽ പിണ്ടിപ്പുഴുവിന്റെ ആക്രമണം നിയന്ത്രിക്കാൻ 2.5 മി.ലി ക്ലോർപൈറിഫോസ് അല്ലെങ്കിൽ 2 മി.ലി ക്യുനാൽഫോസ് ഒരുലിറ്റർ വെള്ളത്തിന് എന്ന തോതിൽ ഇലക്കവിളുകളിലും, ദ്വാരങ്ങളിലും നല്ലവിധം ഇറങ്ങിചെല്ലത്തക്കവിധം പശ ചേർത്ത് തളിച്ച് കൊടുക്കാവുന്നതാണ്. |
| ജാതി | കായ് അഴുകൽ, ഇല പൊഴിച്ചിൽ | മഴക്കാലത്ത്, ജാതിയിൽ കായ്അഴുകൽ, ഇലപൊഴിച്ചിൽ എന്നീ രോഗങ്ങൾ വരാൻ സാധ്യതയുണ്ട്. മുൻകരുതലായി രണ്ടു കിലോ ട്രൈക്കോഡർമ, 90 കിലോ ചാണകപ്പൊടിയും, 10 കിലോ വേപ്പിൻപിണ്ണാക്കുമായി കൂട്ടികലർത്തി ആവശ്യത്തിന് ഈർപ്പം നിലനിൽക്കത്തക്കവണ്ണം രണ്ടാഴ്ച്ചവെച്ച മിശ്രിതത്തിൽ നിന്ന് 2.5 കിലോ വീതം ഓരോ ചെടിക്ക് ചുവട്ടിലും ഇട്ടുകൊടുക്കുക. ഒരു മാസത്തിനു ശേഷം സ്യൂഡോമോണാസ് 20 ഗ്രാം ഒരുലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക അല്ലെങ്കിൽ 1% വീര്യമുള്ള ബോർഡോ മിശ്രിതം കലക്കി തളിക്കുക. മണ്ണിലെ അമ്ളത്വം കുറയ്ക്കാനായി കുമ്മായം ഇട്ടുകൊടുക്കാവുന്നതാണ്. |
| പച്ചക്കറികൾ (പയർ) | മുഞ്ഞ | പയറിൽ മുഞ്ഞയുടെ ആക്രമണം കണ്ടാൽ 2% വീര്യമുള്ള വേപ്പെണ്ണ എമൾഷൻ തളിക്കുക. അല്ലെങ്കിൽ വെർട്ടിസീലിയം ലെക്കാനി എന്ന മിത്രകുമിൾ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ 10 ദിവസം ഇടവിട്ട് കൊടുക്കുക. രൂക്ഷമാണെങ്കിൽ 3 മി.ലി ഇമിഡാക്ലോപ്രിഡ് അല്ലെങ്കിൽ 2 ഗ്രാം തയാമെതോക്സാം 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. |
| മൃഗസംരക്ഷണം | • കന്നുകാലികൾക്ക് നിത്യവും പച്ചപ്പുല്ലിന്റെ ലഭ്യത ഉറപ്പാക്കുക.<br>• വിറ്റാമിൻ ധാതു ലവണ മിശ്രിതം നിർദിഷ്ട അളവിൽ നിത്യേന നൽകുക.<br>(CAADECCS, KVASU മണ്ണുത്തി) | |